

ഡോ.പൗലോസ് മാർ ഗ്രിഗോറിയോസിനെ അടുത്തറിയാൻ ഒരു അന്വേഷണം

■ ഡോ.പോൾ മണലിൽ

വിശ്വദാർശനികനായ ഡോ.പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലിത്തായുടെ ജീവിതത്തെയും ചിന്തയെയും സമാഹരിച്ചുകൊണ്ട് ആ വ്യക്തിത്വത്തെ വിശദമായി വ്യാഖ്യാനിക്കുന്ന ഒരു കൃതിയാണ് ജോയ്സ് തോട്ടയ്ക്കാട് തയ്യാറാക്കിയ ***'പ്രകാശത്തിലേക്ക് ഒരു തീർത്ഥയാത്ര'*** എന്ന ജീവചരിത്രഗ്രന്ഥം. ആയിരത്തോളം താളുകളിൽ ചിത്രങ്ങൾ സഹിതം ഒരു മഹദ്വ്യക്തിത്വത്തിന്റെ അറിയപ്പെടാത്ത ജീവിതത്തെയാണ് ജോയ്സ് അനാവരണം ചെയ്യുന്നത്. പൗലോസ് മാർ ഗ്രിഗോറിയോസ് എന്ന വിശ്വമാനവികന്റെ ചിന്താഭാസുരമായ ജീവിതവും കർമവും മാത്രമല്ല ഈ ഗ്രന്ഥത്തിലൂടെ ജോയ്സ് പ്രകാശിപ്പിക്കുന്നത്. ആ ഉദാത്ത ജീവിതത്തിന്റെ ആത്മാവിലേക്ക് ഗ്രന്ഥകാരൻ ഒരു തീർത്ഥാടനം നടത്തുകയാണ് യഥാർത്ഥത്തിൽ. കാലക്രമപ്രകാരമുള്ള ഒരു ജീവിതത്തെയും ചിന്തയെയും അവതരിപ്പിക്കാനല്ല ജോയ്സ് തോട്ടയ്ക്കാട് ഉദ്യമിക്കുന്നത്. ആ കുലപർവതത്തെ വിവരിക്കുന്ന ഒരു ആധാര ജീവിതക്രമമാണ് ഈ പുസ്തകത്തിൽ ഇതൾവിരിക്കുന്നത്. അതിനാൽ ഈ പുസ്തകം, ഇംഗ്ലീഷിൽ പറയാറുള്ള തുപോലെ ഒരു 'സോഴ്സ് ബയോഗ്രഫി'യാണ്. ഈ കൃതി അവലംബമാക്കി അനേകം കൃതികൾ രചിക്കാനുള്ള ഉള്ളടക്കമാണ് ഇതിൽ ജോയ്സ് സമാഹരിച്ചിരിക്കുന്നത്.

പൗലോസ് മാർ ഗ്രിഗോറിയോസിന്റെ ജീവിതത്തെ ഏതു വീക്ഷണ കോണിലൂടെയാണ് ദർശിക്കാൻ കഴിയുന്നത്? ഏറ്റവും ദുഷ്കരമായ ഒരു പ്രശ്നമാണിത്. അദ്ദേഹം ഒരു ആധ്യാത്മികപുരുഷൻ മാത്രമല്ല; ദാർശനികൻ, പ്രഭാഷകൻ, വേദശാസ്ത്രജ്ഞൻ, ശാസ്ത്രചിന്തകൻ, തത്വചിന്തകൻ, സാഹിത്യകാരൻ, മിസ്റ്റിക്, രാഷ്ട്രീയ ചിന്തകൻ, ഭാഷാശാസ്ത്രജ്ഞൻ, അധ്യാപകൻ, ട്രേഡ് യൂണിയൻ നേതാവ്, വിവിധ ഭാഷകളുടെ പഠിതാവ്, സമാധാനത്തിന്റെ പ്രണേതാവ്, സർവമതചിന്തകൻ എന്നിങ്ങനെ പൗലോസ് മാർ ഗ്രിഗോറിയോസിന്റെ ജീവിതം സമ്മിശ്രജീവിതവ്യാപാരങ്ങളിൽ മുങ്ങിക്കുളിച്ചു കിടക്കുന്നു. ഒരു ജീവിതത്തിൽ വ്യത്യസ്ത മുഖങ്ങൾ മാത്രമല്ല, ഒരു ജീവിതത്തിൽ പല ജീവിതങ്ങൾ അവതരിപ്പിച്ച വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. ജോയ്സ് തോട്ടയ്ക്കാട് ഈ പുസ്തകത്തിൽ ഇപ്രകാരം ആ മഹാപ്രതിഭയുടെ പല ജീവിതമുഖങ്ങൾ സമാഹരിച്ചു വച്ചിരിക്കുന്നു. ആ പ്രതിഭാവിലാസത്തിന്റെ ജീവിത മുഹൂർത്തങ്ങളിലേക്കു ജാലകം തുറക്കുകയാണ് *'പ്രകാശത്തിലേക്ക് ഒരു തീർത്ഥയാത്ര'*. ഫാ.ഡോ.കെ.എം.ജോർജിന്റെ അവതാരിക, നിത്യചൈതന്യയതി, ഫാ.ഡോ.ജേക്കബ് കുര്യൻ, ഫാ.ഡോ.ജോൺ തോമസ് കരിങ്ങാട്ടിൽ മുതലായവരുടെ ആമുഖം എന്നിവയുടെ അകമ്പടിയോടെയാണ് ജോയ്സ് തോട്ടയ്ക്കാട് പൗലോസ് മാർ ഗ്രിഗോറിയോസിന്റെ ജീവിതം അനാവരണം ചെയ്യുന്നത്. ആ ജീവിതത്തെ എട്ട് അധ്യായങ്ങളിലായി വിന്യസിച്ചിരിക്കുന്നു- ***തീർത്ഥാടനത്തിന്റെ തുടക്കം, അന്ധകാര ഭൂഖണ്ഡത്തിലേക്ക്, ജന്മനാട്ടിലേക്ക്, യിഹൂദായുടെ സിംഹത്തോടൊപ്പം, എക്യുമെനിക്കൽ രംഗത്തേക്ക്, ആത്മാവിൽ തീപിടിച്ച മനുഷ്യൻ, പ്രകാശത്തിലേക്ക്***, പുതിയ മാനവികതയിലേക്ക് എന്നീ ശീർഷകങ്ങളിൽ. തുടർന്ന്, കാലാനുക്രമണിക തുടങ്ങിയ അഞ്ച് അനുബന്ധങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.



പ്രകാശത്തിലേക്ക് ഒരു തീർത്ഥയാത്ര
പൗലോസ് മാർ ഗ്രിഗോറിയോസിന്റെ ജീവചരിത്രം
വില 500 രൂപ
ജോയ്സ് തോട്ടയ്ക്കാട്
സോഫിയാ ബുക്ക്സ്, തിരുനക്കര, കോട്ടയം - 686001

തപാൽ വകുപ്പിൽ ഉദ്യോഗസ്ഥനായിരുന്ന പോൾ വർഗീസിന്റെ ജീവിത കഥയും എത്യോപ്യയിലേക്കുള്ള യാത്രയും അവിടുത്തെ ആദ്യകാല ജീവിതവുമാണ് *'തീർത്ഥാടനത്തിന്റെ തുടക്കം'* എന്ന അധ്യായത്തിൽ വിവരിക്കുന്നത്. പോൾ വർഗീസിനെ പൗലോസ് മാർ ഗ്രിഗോറിയോസ് ആക്കി രൂപാന്തരപ്പെടുത്തിയ കഷ്ടപ്പാടുകളും പ്രതിസന്ധികളും നിറഞ്ഞ ബാല്യകാലജീവിതവും ഈ അധ്യായത്തിൽ അനാവരണം ചെയ്യുന്നുണ്ട്. ജീവിതത്തിനും മരണത്തിനും ഇടയിലുള്ള ആ ബാല്യകാല ജീവിതം പോൾ വർഗീസിനെ തളർത്തിയില്ല. എഴുത്തിലേക്കും പത്രപ്രവർത്തനത്തിലേക്കും അദ്ദേഹം ആശൃഷ്ടനായി. പത്രപ്രവർത്തകൻ എന്ന നിലയിൽ അഴിമതിക്കെതിരെ പോൾ വർഗീസ് തൂലിക ചലി

പ്പിച്ചു. പഠനം പൂർത്തിയാക്കാതെ ഷിപ്പിംഗ് കമ്പനിയിൽ ജോലി ചെയ്ത കാര്യവും ഈ അധ്യായത്തിൽ വിവരിക്കുന്നു. ഷിപ്പിംഗ് കമ്പനിയിലെ ഗുമസ്തൻ എന്ന നിലയിൽ പ്രതിമാസം 18 രൂപയാണ് പോൾ വർഗീസിനു ലഭിച്ചത്. അന്ന് അതൊരു വലിയ സംഖ്യയായിരുന്നു. ബാല്യത്തിൽ ജോലി ലഭിച്ചത് 'വീട് എന്ന നരക'ത്തിൽ നിന്നും മുക്തി നേടുന്നതിന് ഉപകരിച്ചതായി പൗലോസ് മാർ ഗ്രിഗോറിയോസ് തന്നെ എഴുതിയിട്ടുണ്ട്. അതിനാൽ ഈ പുസ്തകം അവതരിപ്പിക്കുന്ന മുഖ്യ ആശയം, പോൾ വർഗീസ് തനിക്കു ലഭിച്ച 'നരക'ത്തെ സ്വർഗമാക്കി രൂപാന്തരപ്പെടുത്തി എന്നുള്ളതാണ്. ഗുമസ്തനായി ജോലി നോക്കുമ്പോഴാണ് തപാൽ വകുപ്പിൽ ജോലി ലഭിക്കുന്നതും എത്യോപ്യയിൽ പോകാൻ അവസരം കൈവരുന്നതും. എത്യോപ്യയിൽ അദ്ദേഹം പോയത് അധ്യാപകനായിട്ടായിരുന്നു.

എത്യോപ്യായിലെ ജീവിതവും എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി സെലാസിയുമായുള്ള ബന്ധത്തിന്റെ തുടക്കവും വിവരിക്കുന്ന ഖണ്ഡമാണ് '*അന്ധകാര ഭൂഖണ്ഡത്തിലേക്ക്*'. അമേരിക്കയിലെ വേദശാസ്ത്രപഠനത്തിന്റെ തുടക്കവും ഈ അധ്യായത്തിലുണ്ട്. അമേരിക്കയിലെ പഠനത്തിനുശേഷം കേരളത്തിൽ തിരിച്ചെത്തി. ആലുവ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ '*ജന്മനാട്ടിലേക്ക്*' എന്ന അധ്യായത്തിൽ വിവരിക്കുന്നു. ഹെയ്‌ലി സെലാസിയുമായുള്ള അടുത്ത ബന്ധത്തിന്റെ കഥയാണ് '*യിഹൂദായുടെ സിംഹത്തോടൊപ്പം*' എന്ന അധ്യായത്തിൽ വർണിക്കുന്നത്. സഭകളുടെ ലോകകൗൺസിൽ തുടങ്ങിയ പ്രസ്ഥാനങ്ങളിലുള്ള പ്രവർത്തനങ്ങൾ '*എക്യുമെനിക്കൽ രംഗത്തേക്ക്*' എന്ന അധ്യായത്തിൽ പറയുന്നതിനൊപ്പം അദ്ദേഹത്തിന്റെ വേദശാസ്ത്ര ചിന്തകളുടെ വിന്യാസവും ചർച്ചചെയ്യുന്നു. '*ആത്മാവിൽ തീപിടിച്ച മനുഷ്യൻ*' എന്ന അധ്യായത്തിൽ പൗലോസ് മാർ ഗ്രിഗോറിയോസിന്റെ ധിഷണയുടെ പ്രകാശം ദർശിക്കാം. '*പ്രകാശത്തിലേക്ക്*' എന്ന അധ്യായത്തിൽ ആ മനസ്സിന്റെ വെളിച്ചവും '*മാനവികതയിലേക്ക്*' എന്ന അധ്യായത്തിൽ ആ പ്രതിഭയുടെ മനുഷ്യോന്മുഖമായ ചിന്തയുടെ തെളിച്ചവും ജോയ്സ് തോട്ടയ്ക്കാട് അവതരിപ്പിക്കുന്നു.

പൗലോസ് മാർ ഗ്രിഗോറിയോസിന്റെ ഓർമകൾ അയവിറക്കാൻ ഉപകരിക്കുന്ന ഒട്ടേറെ ചിത്രങ്ങൾ കൂടാതെ അദ്ദേഹത്തിന്റെ പ്രകാശിതവും അപ്രകാശിതവുമായ രചനകളുടെ ഒരു സൂചികയും ഇതിൽ നൽകിയിട്ടുണ്ട്. പൗലോസ് മാർ ഗ്രിഗോറിയോസിനെപ്പറ്റി പഠിക്കാൻ ഉദ്യമിക്കുന്നവർക്ക് ഈ ഗ്രന്ഥം ഒരു വഴികാട്ടിയായിരിക്കും.

GM

പ്രിയരേ! ഇന്നു പലരും തന്നിഷ്ടക്കാരാണ്. തന്നിഷ്ടം കൊണ്ടു പല പള്ളികളിലും വഴക്കുകൾ ഉണ്ടാകുന്നു. പള്ളി ദൈവത്തിന്റെ ഭവനമാണ്. നാം പള്ളിയിൽ വിശുദ്ധിയിലും സത്യത്തിലും നീതിയിലും പ്രവർത്തിക്കണം. അപ്പോൾ ദൈവാനുഗ്രഹം ഉണ്ടാകും.

പ. പാമ്പാടി തിരുമേനി